പതിമൂന്നാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 266 15.02.2013-ൽ മറുപടിക്ക്.

## "സമ്പൂർണ്ണ പദ്ധതിയുടെ "ഉദ്ദേശ്യ ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ; വി.ഡി. സതീശൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) "സമ്പൂർണ്ണപദ്ധതി"യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി ഒഴികെ എല്ലാ സ്കൂളുകളിലെയും മുഴുവൻ കുട്ടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റമാണ് "സമ്പൂർണ്ണ." സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലേതുൾപ്പെടെ ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഈ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതുവഴി ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന വിവരം ശേഖരിക്കേണ്ട അവസരങ്ങളിൽ (ഉദാ: കലോത്സവം, ഉച്ചഭക്ഷണം, സ്കോളർഷിപ്പുകൾ തുടങ്ങിയവ) സമ്പൂർണ്ണയിൽ നിന്നും ശേഖരിക്കാൻ കഴിയും. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വേണ്ട വിവരങ്ങൾ പരീക്ഷാഭവനെടുക്കുന്നത് സമ്പൂർണ്ണയിൽ നിന്നാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി ഏതെല്ലാം ഏജൻസി വഴിയാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഐ.ടി @ സ്കൂൾ പ്രോജക്ട് നേരിട്ട് സ്കൂളുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിവരുന്നത്. |
| (സി) | കുട്ടികളുടേയും അധ്യാപകരുടെയും എന്തെല്ലാം വിശദാംശങ്ങളാണ് ഈ പദ്ധതി വഴി ശേഖരിക്കുന്നത്; | (സി) | സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലേതുൾപ്പെടെ ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഈ "സമ്പൂർണ്ണ" ഓൺലൈൻ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതുവഴി ഒരു വിദ്യാർത്ഥിയെ സംബന്ധിക്കുന്ന വിവരം ശേഖരിക്കേണ്ട അവസരങ്ങളിൽ (ഉദ. കലോത്സവം, ഉച്ചഭക്ഷണം, സകോളർഷിപ്പുകൾ തുടങ്ങിയവ) സമ്പൂർണ്ണയിൽ നിന്നും ശേഖരിക്കാൻ കഴിയും. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് വേണ്ട വിവരങ്ങൾ പരീക്ഷഭവനെടുക്കുന്നത് സമ്പൂർണ്ണയിൽ നിന്നാണ്. അദ്ധ്യാപകരുടെ അടിസ്ഥാന വിശദാംശങ്ങൾ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ "സ്പാർക്കി"ലൂടെ ലഭിക്കുന്ന PEN മാത്രമാണ് ശേഖരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ വിവരങ്ങൾ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ശേഖരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ആവശ്യമായ നടപടികൾ പ്രോജക്റ്റ് സ്വീകരിച്ചിട്ടുണ്ട്. |

Kumari Rani R
സെക്ഷൻ ഓഫീസർ